**STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH**
Department of Technical Education, Govt. of Kerala
**HMT Junction, Kalamassery, Kochi – 683 104**
*E-mail: sitttr@gmail.com, jd_cdc@yahoo.com*
***Phone & Fax: 0484 2542355*** Web: www.sitttrkerala.ac.in

150 YEARS OF CELEBRATING THE MAHATMA

No.P3/428/2022 01.10.2022

## സ്പോട്ട് അഡ്മിഷൻ - അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

1. റാങ്ക് ലിസ്റ്റിൽ പേരുള്ള ആർക്കും സ്പോട്ട് അഡ്മിഷനിൽ ഓൺലൈനായി രജിസ്റ്റർ ചെയ്ത് പങ്കെടുക്കാവുന്നതാണ്.
2. സ്പോട്ട് അഡ്മിഷൻ ജില്ലാതലത്തിൽ നോഡൽ പോളിടെക്നിക് കോളേജിൽ വെച്ച് നടത്തുന്നതാണ്. അതാത് ജില്ലയിലുള്ള **സർക്കാർ/എയിഡഡ്/കേപ്/സ്വാശ്രയ** സ്ഥാപനങ്ങൾ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കേണ്ടതാണ്. സ്പോട്ട് അഡ്മിഷനു വേണ്ടി പ്രത്യേകം രജിസ്റ്റർ ചെയ്യാത്തവരെ സ്പോട്ട് അഡ്മിഷനിൽ പങ്കെടുപ്പിക്കുന്നതല്ല.
3. അപേക്ഷകർക്ക് **03/10/2022 മുതൽ 07/10/2022** വരെ അഡ്മിഷൻ വെബ്സൈറ്റിലെ **"Spot Admission Registration"** എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്
4. അപേക്ഷകന് പരമാവധി മൂന്നു ജില്ലകളിലേക്ക് മാത്രമേ ഒരേസമയം സ്പോട്ട് അഡ്മിഷനു വേണ്ടി രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ ആയതിനാൽ അപേക്ഷകന് സൗകര്യപ്രദമായ ജില്ലകൾ നോക്കി തെരഞ്ഞെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മൂന്ന് ജില്ലകൾക്ക് പുറമെ ഇടുക്കി, വയനാട് എന്നീ ജില്ലകൾ അധികമായി ചേർക്കുന്നതിന് തടസ്സമുണ്ടായിരിക്കുന്നതല്ല.
5. ആപ്ലിക്കേഷൻ /മൊബൈൽ /One Time Registration നമ്പരും ജനനതീയതിയും നൽകി അപേക്ഷകന് റജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്.
6. സ്പോട്ട് അഡ്മിഷൻ സമയത്ത് അപേക്ഷകന് അപ്പോൾ ഒഴിവുള്ള സീറ്റുകളിലേക്ക് കോളേജും ബ്രാഞ്ചും പുതുതായി ചേർത്ത് മുഴുവൻ ഫീസടച്ച് അഡ്മിഷൻ എടുക്കാവുന്നതാണ്. ഫീസടച്ച് അഡ്മിഷൻ എടുക്കാത്ത അപേക്ഷകന്റെ അഡ്മിഷൻ റദ്ദാക്കപ്പെടുന്നതും ലിസ്റ്റിലെ ക്രമമനുസരിച്ച് ഹാജരായിട്ടുള്ള അടുത്ത അപേക്ഷകന് നൽകുന്നതുമായിരിക്കും.
7. സ്പോട്ട് അഡ്മിഷനിൽ രജിസ്റ്റർ ചെയ്തവരുടെ ലിസ്റ്റ് അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന സ്പോട്ട് അഡ്മിഷൻ ഷെഡ്യൂൾ പ്രകാരം നോഡൽ പോളിടെക്നിക് കോളേജിൽ ഹാജരാകേണ്ടതാണ്. ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന സമയക്രമത്തിൽ ഒരു മാറ്റവും അനുവദിക്കുന്നതല്ല.
8. സ്പോട്ട് അഡ്മിഷനിൽ അപേക്ഷകനും രക്ഷിതാവിനും (പരമാവധി രണ്ടു പേർക്കു) മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ.
9. ഒന്നിൽ കൂടുതൽ ജില്ലകളിൽ ഒരേ സമയം പങ്കെടുക്കാനാഗ്രഹിക്കുന്നവർ നിശ്ചിത മാതൃകയിലുള്ള പ്രോക്സി ഫോം (അപേക്ഷകനും രക്ഷിതാവും ഒപ്പിട്ടത് )ഹാജരാക്കേണ്ടതാണ്.
10. ഒരു അപേക്ഷകൻ ഒന്നിൽ കൂടുതൽ ജില്ലയിൽ അഡ്മിഷൻ നേടിയാൽ അവസാനം നേടിയ അഡ്മിഷൻ മാത്രമേ നിലനിൽക്കുകയുള്ളൂ അതിനുമുൻപ് നേടിയ അഡ്മിഷൻ സ്വമേധയാ റദ്ദാകുന്നതാണ്. ആയതിനാൽ ഒന്നിൽകൂടുതൽ ജില്ലകളിൽ പങ്കെടുക്കുന്നവർ അവരുടെ അഡ്മിഷൻ ഉറപ്പുവരുത്തേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇൻ ചാർജ് ഓഫ് ജോയിന്റ് ഡയറക്ടർ

DEPUTY DIRECTOR in charge
STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH
HMT JUNCTION, KALAMASSERY
PIN 683 104

STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH, KALAMASSERY
GOVERNMENT OF KERALA
DEPT. OF TECHNICAL EDUCATION

SITTTR KERALA